(ഡി) പൊതുമാർക്കറ്റിലെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വില കുറച്ച് നന്മ സ്റ്റോറുകളിലൂടെയും വില വർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ത്രിവേണി, നന്മ സ്റ്റോർ എന്നിവിടങ്ങളിൽ സ്റ്റോക്ക് എത്തിക്കുന്നതിനും ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കുന്നതിനും മൊബൈൽ ത്രിവേണികളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി പ്രവർത്തനം പുനരാരംഭിക്കുന്നതിനും കൺസ്യൂമർഫെഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സരാധിഷ്ഠിതമായി ക്വട്ടേഷൻ ക്ഷണിച്ച് പർച്ചേയ്സ് നടത്തുന്നതിലൂടെ പൊതുവിപണിയിൽ വില കുറയുന്നതിന് ഇടയാക്കുകയും പർച്ചേയ്സ് മാനുവൽ തയ്യാറാക്കുന്നതിലൂടെ സാധനങ്ങളുടെ പർച്ചേയ്സ് സുതാര്യമാക്കുകയും ചെയ്തിട്ടുണ്ട്.

സുവർണ്ണ കേരളം പദ്ധതി

116(2317) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ കേരളം പദ്ധതി എന്താണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണമേഖല മുഖേന നടപ്പാക്കുക എന്നിവയാണ് സുവർണ്ണ കേരളം പദ്ധതികൊണ്ട് പ്രധാനമായും നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വിഷമയമില്ലാത്ത പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്ക്കരണം നടത്തുന്നു. ഓരോ താലൂക്കിലുമുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ആണ് ഇതിന്റെ മേൽനോട്ടം വഹിച്ചുവരുന്നത്. ഇതിലേയ്ക്കാവശ്യമായ തൈകൾ, വിത്തുകൾ എന്നിവ സൗജന്യമായോ മിതമായ വിലയ്ക്കോ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നു. കൃഷി ചെയ്യുന്നതിനു വേണ്ടി കാർഷിക വായ്പയും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വീടുകളിൽ അടുക്കളത്തോട്ടനിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക ഇവയെല്ലാം ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. വീടുവീടാന്തരം സർവ്വെ നടത്തി പച്ചക്കറി കൃഷിക്കുള്ള സാധ്യത പരിശോധിച്ച് കൃഷി ചെയ്യുന്നതിനുവേണ്ടി കാർഷിക വായ്പ നൽകുന്നു. സഹകരണ സംഘങ്ങൾ വഴിയാണ് ടി പദ്ധതി നടപ്പാക്കിവരുന്നത്. സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻ മുഖേനയോ സേവന സന്നദ്ധതയുള്ള സർവ്വീസിൽ നിന്നും വിരമിച്ച കൃഷി ആഫീസർമാർ/കൃഷി ഡമോൺസ്ട്രേറ്റർമാർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നു. ഓരോ സീസണിലും യോജിച്ച പച്ചക്കറി വിത്തുകൾ പോളിഫാമുകളിൽ വികസിപ്പിച്ച് അംഗങ്ങൾക്ക് വിതരണം ചെയ്യുന്നു. കൃഷി രീതികളെക്കുറിച്ച് അറിവ് നൽകുന്നതിന് വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നു. ഈ മേഖലയിൽ പരിചയ സമ്പന്നരും സേവന സന്നദ്ധതയുള്ളവരുടെയും സർവ്വീസിൽനിന്നും വിരമിച്ചവരടക്കമുള്ളവരുടെയും സന്നദ്ധ ഗ്രൂപ്പ് രൂപീകരിക്കുകയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഓരോ വീട്ടിലും ഉത്പ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വീട്ടാവശ്യം കഴിഞ്ഞ് സ്വന്തം നിലയിൽ വിൽപ്പന നടത്തുന്നതിനും സാഹചര്യമുണ്ടാക്കുന്നു. സഹകരണ സംഘം ആഫീസുകളുടെ മട്ടുപ്പാവ്, ആഫീസ് പരിസരം എന്നിവിടങ്ങളിലും സംഘം നേരിട്ട് തരിശുഭൂമി പാട്ടത്തിനെടുത്തും കൃഷി നടത്താവുന്നതാണ്. ബ്ലോക്ക് തലത്തിൽ ഫാർമേഴ്സ് സർവ്വീസ് സെന്ററിന്റെ സേവനവും ലഭ്യമാക്കുന്നു.

സുവർണ്ണ കേരളം പദ്ധതി

117(2318) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവപച്ചക്കറിയുടെ വ്യാപനത്തിനായി നടപ്പിലാക്കിയ സുവർണ്ണ കേരളം പദ്ധതിയുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) സുവർണ്ണ കേരളം പദ്ധതി നടപ്പിലാക്കിയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly